**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- ആവഡ ജീവനക്കാര്യം -ജൂനിയർ കൺസൽട്ടൻറ് പീഡിയാട്രിക്സ് തസ്തികയിലെ 2024 ലെ പൊതുസ്ഥലംമാറ്റം- അന്തിമ പട്ടിക പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) സർക്കാർ ഉത്തരവ് (പി) നം-3/2017/ഉപഭപവ തീയതി, 25/02/2017.

2) സർക്കാർ ഉത്തരവ് (സാധാ) നം-744/2024/ആ.കു.വ. തീയതി, 12/03/2024.

3) ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ.

4) ഉത്തരവ് നം.ഇ.ബി4-9298/2024/ആ.വ.ഡ തീയതി 14/6/2024

5) ഉത്തരവ് നം-ഇ.എച്ച്1-6610/2024/ആ.വ.ഡ തീയതി, 22/06/2024.

6) ജീവനക്കാർ മേലധികാരി മുഖേന സമർപ്പിച്ച ഹർജികൾ

7) 01/8/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

8) ഡോ.ശിഖ സുഗതൻ സമർപ്പിച്ച ഒ.എ 1244/24 നമ്പർ കേസിന്മേലുള്ള 14/8/2024 തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ്.

**ഉത്തരവ് നം : ഇ.ബി4-9298/2024/ആ.വ.ഡ തിയതി : 23-08-2024**

പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ്മാരുടെ 2024 ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിൻ്റെ ഭാഗമായുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്ന. കരട് സ്ഥലംമാറ്റ പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെടുകയോ, ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ ഹർജി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. പ്രസ്തുത പട്ടികയിന്മേൽ ലഭ്യമായ ആക്ഷേപങ്ങൾ വിശദമായി പരിശോധിച്ചതിൻ പ്രകാരം പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ്മാരുടെ 2024ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച പരാമർശം 7 പ്രകാരമുള്ള അന്തിമപട്ടിക ചുവടെ ചേർക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| SL No | PEN | Name & Designation | Institution transferred from | Institution transferred to | Remarks |
|---|---|---|---|---|---|
| 1 | 644960 | Dr.Meettu Mathew Junior Consultant (Paediatrics) | Taluk Hospital, Kattappana Idukki | TALUK HEADQUARTERS HOSPITAL, NORTH PARUR, Ernakulam (Open Vacancy) | **Station seniority from 22/12/2018.** Based on the direction contained in the GO(Rt) No. 2600/2023/H&FWD dated. 9/10/2023 which is issued in compliance of the Order dated. 20/6/2023 of the Hon' ble KAT in OA (EKM) No. 916/23 |
| 2 | 687679 | Dr.Nisha.M.Chacko | District Hospital, Wadakkancherry, Thrissur | General Hospital, Ernakulam | **Station seniority from 23/01/2018.** Based on the direction contained in the GO(Rt) No. 1855/2023/H&FWD dated. 27/7/2023, which is issued in compliance of the Order dated. 19/6/2023 of the Hon' ble KAT in OA (EKM) No. **818/23** |

2 . പരാമർശം 7 ഉത്തരവിലെ ക്രമനമ്പർ 24 ഡോ.ശിവപ്രസാദ് .പി.എസ് അന്യത്രസേവനത്തിൽ പ്രവേശിച്ചതിനാൽ ടി മെഡിക്കൽ ഓഫീസറുടെ സ്ഥലമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

3 . പരാമർശം 8 പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ടി കേസിന്മേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കും വരെ ആലപ്പുഴ ജനറൽ ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവ് നികത്താൻ പാടില്ലാത്തതിനാൽ ആലപ്പുഴ ജനറൽ ആശുപത്രിയിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷകൾ പ്രസ്തുത കേസിന്റെ അന്തിമ ഉത്തരവിന് വിധേയമായി പൊതുസ്ഥലമാറ്റത്തിന്റെ മാനദണ്ഡപ്രകാരം പരിഗണിക്കുന്നതാണ്.

4 . പരാമർശം (7) പ്രകാരമുള്ള 2024-ലെ ആരോഗ്യ വകുപ്പിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടൻ്റുമാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അന്തിമ പട്ടിക മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

5. എല്ലാ സ്ഥാപനമേധാവികളും/ജില്ല മെഡിക്കൽ ഓഫീസർമാരും പകരക്കാരെ കാത്തു നിൽക്കാതെ സ്ഥലം മാറ്റിയിട്ടുള്ള ജീവനക്കാരെ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന വിവരങ്ങൾ യഥാസമയം അറിയിക്കേണ്ടതുമാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

6. ആരോഗ്യ വകുപ്പ് കാര്യാലയത്തിൻ്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവിൻ്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 23-08-2024 14:58:16

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക്

പകർപ്പ് : 1 )എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2)ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
3)ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്
4)ഫയൽ/കരുതൽ ഫയൽ